കിട്ടിയശേഷം എന്തെങ്കിലും സംശയമുണ്ടെങ്കിൽ ക്രൈംബ്രാഞ്ച് ഏറെറടുത്ത് അന്വേഷണം നടത്തുന്നതാണ്.

(9) ചാലിയാർ പുഴയിലെ മൈലാടി പാലത്തിന്റെയും പുന്നപ്പുഴയിലെ കാറാടിക്കടവ് പാലത്തിന്റെയും പണി

ശ്രീ. ടി. കെ. ഹംസ : സർ, നിലമ്പൂർനിയോജകമണ്ഡലത്തിൽ വളരെ പ്രധാനപ്പെട്ടതും പതിനായിരക്കണക്കിന് ആളുകൾക്ക് ആവശ്യമായിട്ടുള്ളതുമായ ഒരു പാലമാണ് ചാലിയാർ പുഴയ്ക്ക് മൈലാടിയിൽ നിർമ്മിക്കുന്ന പാലം. അതിന് എല്ലാ അനുമതിയും കിട്ടിക്കഴിഞ്ഞ സ്ഥിതിക്ക് അതിന്റെ പ്രവൃത്തി ആരംഭിക്കാൻ നടപടികൾ തുരിതപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെ പുന്നപ്പുഴയ്ക്ക് കാറാടിക്കടവ് എന്ന സ്ഥലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെയും പ്രവൃത്തി ആരംഭിക്കാൻ ആവശ്യമായ എല്ലാ നടപടികളും അതിവേഗം ചെയ്തു തരണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ) : സർ, പുന്നപ്പുഴയ്ക്കുള്ള പാലത്തിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്തത് കഴിഞ്ഞിട്ടുണ്ട്. ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയായ ശേഷം അതിന്റെ നിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. മൈലാടി പാലത്തിനുള്ള ഗവൺമെന്റ് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അത് ടെൻഡർ വിളിക്കാനുള്ള നിർദ്ദേശവും നൽകിക്കഴിഞ്ഞു. പക്ഷെ അതിന് അപ്രോച്ച് റോഡ് ഉണ്ടാക്കണമെങ്കിൽ ഇപ്പോഴും വളരെ ബുദ്ധിമുട്ടുള്ള സ്ഥിതിയാണുള്ളത്. ധാരാളം കിലോമീറ്റർ റോഡ്, ഫോറസ്റ്റിൽ കൂടി പോകേണ്ടതുകൊണ്ട് ഇൻഡ്യാ ഗവൺമെന്റിന്റെ അനുവാദം വാങ്ങിയിട്ടുണ്ടെങ്കിലും പല കർശനമായ നിബന്ധനകളോടുംകൂടിയാണ് ഏറെറടുത്തിട്ടുള്ളത്. അതിൽ കുറെ അയവ് കിട്ടാത്തപക്ഷം മുന്നോട്ടു പോകാൻ ബുദ്ധിമുട്ടുണ്ടായിരിക്കും. അതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും ഫോറസ്റ്റ് മന്ത്രിയുടെയും സഹായം നമുക്ക് ആവശ്യമാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ സഹായം ഇനിയും ലഭിക്കേണ്ടതുണ്ട്. ഏതായാലും പാലത്തിന്റെ പണിക്ക് യാതൊരു തടസ്സവുമില്ല. അതിന്റെ പ്രവർത്തനത്തിന് ടെൻഡർ വിളിക്കാൻ പറഞ്ഞിട്ടുണ്ട്. അടുത്ത മാസം തന്നെ പണി ആരംഭിക്കുന്നതാണ്.

(10) ഓയിൽപാം ഇൻഡ്യാ ലിമിറഡിലെ തൊഴിലാളികളുടെ നിരാഹാര സമരം

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, നമ്മുടെ സംസ്ഥാനത്തെ ഏറവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ഓയിൽപാം ഇൻഡ്യാ ലിമിറഡിന്റെ അഞ്ച് യൂണിയൻ നേതാക്കൾ കഴിഞ്ഞ പതിമൂന്ന് ദിവസമായി നിരാഹാരസത്യാഗ്രഹം നടത്തുകയാണ്. രേണുകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ തൊഴിലാളികളുടെ ന്യായമായ ഡിമാൻറുകൾ ആവശ്യപ്പെട്ട് അത് അംഗീകരിക്കുന്നതിനുവേണ്ടിയാണ് അവർ നിരാഹാര സത്യാഗ്രഹം നടത്തുന്നത്. ഒരു മാസത്തിനുമുമ്പ് ഒരു റിലേ സത്യാഗ്രഹം അവിടെ നടന്നു. അങ്ങനെ ഒരു മാസം മുമ്പ് റിലേ സത്യാഗ്രഹം നടത്തിയിട്ട് ഇപ്പോൾ പതിമൂന്ന് ദിവസമായി നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. ഇതുവരെ മാനേജുമെന്റിന്റെ ഒരു കുഞ്ഞുപോലും അവരെ തിരിഞ്ഞു നോക്കിയിട്ടില്ല. മാനേജുമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും ആരും അവിടെയില്ല. എണ്ണപ്പന ഫാക്ടറിയുടെ പടിക്കൽ നിരാഹാര സത്യാഗ്രഹം നടക്കുമ്പോഴും അതിന്റെ മാനേജിംഗ് ഡയറക്ടർ എണ്ണപ്പനയെക്കുറിച്ച് പഠിക്കുവാൻ മറ്റ് രാജ്യങ്ങളിൽ പോയിരിക്കുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ട് അവരുടെ പ്രശ്നങ്ങളും ന്യായമാണെങ്കിൽ അവരുമായി ചർച്ച നടത്തി പരിഹരിച്ച് നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലെ വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികളും 1-10-1986 മുതൽ റിലേ സത്യാഗ്രഹവും 25-10-1986 മുതൽ നിരാഹാര സത്യാഗ്രഹവും നടത്തിവരികയാണ്. ഇരുപത് ശതമാനം ബോണസ് നൽകുക, ശമ്പള വർദ്ധിപ്പിക്കുക, കാറ്റഗറൈസേഷൻ ഏർപ്പെടുത്തുക എന്നീ മൂന്ന് പ്രധാന ആവശ്യങ്ങളാണ് തൊഴിലാളി യൂണിയനുകളും ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത കമ്പനി നഷ്ടത്തിലായതിനാൽ ബോണസ് ആക്ട് പ്രകാരം 8.33 ശതമാനം ബോണസ് മാത്രമേ കൊടുക്കാൻ അർഹതയുള്ളു. കമ്പനി ആ തുക അനുവദിക്കുകയും തൊഴിലാളികളും അത് വാങ്ങുകയും ചെയ്തിട്ടുണ്ട്. ശമ്പള വർദ്ധനവ് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയാണ്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് അത് സംബന്ധിച്ച് സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്. കാറ്റഗറൈസേഷനെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ നിയോഗിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് റിപ്പോർട്ട് ഉടനെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അതിൻമേൽ ഉചിതമായ തീരുമാനം എത്രയും വേഗം എടുക്കുന്നതാണ്. തൊഴിലാളികളും ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനായി ഈ മാസം 11-ാം തീയതി ഗവൺമെന്റ് ഒരു യോഗം വിളിച്ചിട്ടുണ്ട്. സർക്കാർ സ്വീകരിച്ചിട്ടുള്ള ഈ നടപടികളുടെ വെളിച്ചത്തിൽ തൊഴിലാളി യൂണിയനുകൾ നിരാഹാര സത്യാഗ്രഹത്തിൽനിന്നും പിൻമാറുമെന്ന് പ്രതീക്ഷിക്കുന്നു.

(11) പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ ശുദ്ധജല ക്ഷാമം

[ശ്രീ. പി. പി. തങ്കച്ചൻ : സർ, പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം ആരംഭിച്ചിട്ട് പതിനെട്ടു വർഷത്തോളമായി. ജനുവരി മാസം മുതൽ ജൂൺ മാസംവരെയുള്ള ആറു മാസത്തേക്ക് നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽനിന്നുള്ള വെള്ളം ശരിയായ രീതിയിൽ അവിടെ ആവശ്യത്തിന് ലഭിക്കുന്നില്ല. ശുദ്ധജലത്തിന് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ഒരു ആഗ്മെന്റേഷൻ സ്കീം പ്രിപ്പയർ ചെയ്തിട്ട് ഏതാണ്ട് മൂന്നു വർഷത്തോളമായി. നാളിതുവരെ ആ ആഗ്മെന്റേഷൻ സ്കീമിന് അനുവാദം കിട്ടിയിട്ടില്ല. ഈ സ്കീമിൽ തൊട്ടടുത്തുള്ള പ്രോപ്പ്വും വില്ലേജായ വെങ്ങോല വില്ലേജും അതുപോലെതന്നെ രായമംഗലം വില്ലേജും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് വളരെ അടിയന്തിരമായി ഈ പ്രോപ്പ്വും വില്ലേജിലുള്ള ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയും പെരുമ്പാവൂരിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയും ഈ ആഗ്മെന്റേഷൻ സ്കീമിനുള്ള അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, നാനൂറിയറുപതു ലക്ഷംരൂപ മുടക്കുമുതലുള്ള ഒരു പദ്ധതി എൽ.ഐ.സി.ക്ക്

LIBRARY ARCHIVES Kerala Legislative Assembly